"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി എന്നവരുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.879/2024/LSGD തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:-
1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന നം. ഉത്തരവ്
3. 23/02/2023-ലെ സ.ഉ.(സാധാ)നം.465/2023/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14/02/2024 തീയതിയിലെ 09/E1/2024/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 13.03.2023 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 12.03.2024 -ൽ അവസാനിക്കുന്നതായും 13.03.2024 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ച നല്കണമെന്നും പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി എന്നവരുടെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 13.03.2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി. ബിന്ദുരേഖ.കെ, സീനിയർ അക്കൗണ്ടന്റ്, സബ്- ട്രഷറി, മുക്കം, താമരശ്ശേരി (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/56/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 21-05-2024 16:21:00
സെക്ഷൻ ഓഫീസർ